മാറി. എന്നിരുന്നാലും കേരള സർക്കാർ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി (2017-2022) മുന്നോട്ട് പോകുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി വിവിധ വിഷയ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ പതിമൂന്നാം പദ്ധതിയുടെ സമീപന രേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇവയുടെ എല്ലാം ശിപാർശയുടെ അടിസ്ഥാനത്തിൽ ആണ് 2017-18, 2018-19 വാർഷിക പദ്ധതികൾക്ക് അന്തിമരൂപം നൽകിയത്.

**ആസൂത്രണ ബോർഡിലെ ഡിവിഷൻ ഹെഡ് തസ്തിക**

29 (4317) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിൽ ഡിവിഷൻ ഹെഡ്ഡിന്റെ എത്ര തസ്തികകൾ നിലവിലുണ്ട്;പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് സംവരണതത്വം പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ ഡിവിഷൻ ഹെഡ്ഡിന്റെ 7 തസ്തികകൾ നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**പരിസ്ഥിതി ലോലമേഖല**

30 (4318) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട സംരക്ഷണത്തിന് തയ്യാറാക്കിയ കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകളിൽ ഏത് നടപ്പാക്കാനാണ് കേരള സർക്കാർ ശിപാർശ ചെയ്തിട്ടുള്ളത്; പരിസ്ഥിതി ലോലം എന്ന് കണ്ടെത്തിയിട്ടുള്ള കേരളത്തിലെ വില്ലേജുകൾ ഏതൊക്കെയാണ്; ഓരോ വില്ലേജുകളിലേയും എത്ര ച.മീറ്റർ ഏരിയയാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഏതെങ്കിലും വില്ലേജുകൾ പൂർണ്ണമായി പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോ; അവ ഏതൊക്കെ;

(ബി) പരിസ്ഥിതി ലോല മേഖല സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിസ്ഥിതി ദുർബ്ബലം എന്ന് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ താമസിച്ചുവരുന്ന ജനങ്ങൾക്ക് ഈ പ്രദേശത്തുനിന്നും ഒഴിഞ്ഞുപോകേണ്ടി വരുമോ; അങ്ങനെ വന്നാൽ ഇവർക്ക് ഭൂമി ഒഴിയുന്നതിനുള്ള നഷ്ടപരിഹാരം ആരാണ് നൽകുക; അതിനുള്ള നടപടികൾ ആയിട്ടുണ്ടോ;

(ഡി) പരിസ്ഥിതി ദുർബ്ബല മേഖലയിലുള്ള ഡാമുകൾ ഡീ കമ്മീഷൻ ചെയ്യേണ്ടി വരുമോ; റിപ്പോർട്ട് നടപ്പാക്കുന്നതു വഴി ഏതൊക്കെ തരത്തിലാണ് കേരളത്തെ ഇത് ദോഷകരമായി ബാധിക്കുന്നത് എന്ന് സർക്കാർ പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം പരിസ്ഥിതി ലോല മേഖലയിൽ നിന്നും ഒഴിവാക്കാനായി സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; അവ ഏതെല്ലാമാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പശ്ചിമഘട്ട സംരക്ഷണത്തിന് തയ്യാറാക്കിയ കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച ഭേദഗതികളോടെ കസ്തൂരിരംഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പാക്കാനാണ് കേരള സർക്കാർ ശിപാർശ ചെയ്തിട്ടുള്ളത്. ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേരളത്തിലെ പരിസ്ഥിതി ലോല മേഖലകളെ നിർവ്വചിച്ചുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 27-2-2017-ൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ വില്ലേജുകളുടെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പട്ടികയുടെ പകർപ്പ് (Hindi Version) അനുബന്ധമായി ചേർക്കുന്നു.* ഇതു സംബന്ധിച്ച അന്തിമ വിജ്ഞാപനം ആയിട്ടില്ല.

(ബി) ഇല്ല

(സി) പരിസ്ഥിതി ദുർബ്ബലം എന്ന് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ താമസിച്ചുവരുന്ന ജനങ്ങൾക്ക് ഈ പ്രദേശത്തുനിന്നും ഒഴിഞ്ഞു പോകണമെന്ന വ്യവസ്ഥ കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പരിസ്ഥിതി ദുർബ്ബല മേഖലയിലുള്ള ഡാമുകൾ ഡീ കമ്മീഷൻ ചെയ്യേണ്ടി വരുമെന്ന വ്യവസ്ഥ കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തി യിട്ടില്ല. ഇത് സംബന്ധിച്ച് സർക്കാർ പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ഇ) ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly